2125
30/9/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുണ്ടേരി ഗ്രാമപഞ്ചായത്ത് - നിലവിലുള്ള വാണിജ്യ കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിലേയ്ക്ക് ഉപയോഗമാറ്റം വരുത്തുന്നത്- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 3(4b) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

G.O.(Rt) No.1809/2021/LSGD തീയതി,തിരുവനന്തപുരം, 20/09/2021

---

പരാമർശം:-

1. ശ്രീമതി. സുപ്രിയ കുമാരി,മഞ്ചേരി,ഒതയോത്ത് എന്നവരുടെ 03.02.2021ലെ അപേക്ഷ.
2. മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2021 ലെ എ1-9006/2020 നമ്പർ കത്തും,അനുബന്ധവും.
3. കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 20.04.2021 ലെ TCPKNR/285/2021-സി നമ്പർ കത്ത്.
4. ചീഫ് ടൗൺ പ്ലാനറുടെ 9.07.2021 ലെ TCPCTP/1355/2020-C2 നമ്പർ കത്ത്.

ഉത്തരവ്

4/30/9

കണ്ണൂർ ജില്ലയിൽ മുണ്ടേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ കാഞ്ഞിരോട് വില്ലേജ് റീ സർവ്വേ നമ്പർ 30/102, 30/3A ൽ ഉൾപ്പെടുന്ന 666.60 ചതുരശ്ര വിസ്തീർണമുള്ള പ്ലോട്ടിൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തിനെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം ആക്കി ഉപയോഗ മാറ്റം വരുത്തുന്നതിന്, പ്രസ്തുത നിർമ്മാണം 2019 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ -26 (open spaces/ rear & side setbacks), 27 - (Coverage), 34 -(Sanitation facilities), 76(1) - (Ground water recharging arrangement), 76(2) - (Rain water harvesting) എന്നിവ ലംഘിക്കുന്നതിനാൽ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 3 (4b) പ്രകാരം ചട്ടം 26, 27, 34 എന്നിവയ്ക്ക് നിന്നും ഇളവ് ലഭിക്കുന്നതിനായി ശ്രീമതി. സുപ്രിയ കുമാരി എന്നവർ പരാമർശം(1)പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണനയ്ക്കായി, മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം(2) പ്രകാരം ലഭ്യമാക്കിയിരുന്നു.

പ്രസ്തുത പ്ലോട്ടിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ഒരു സ്കൂൾ കെട്ടിടം ഉള്ളത് സർക്കാർ എയ്ഡഡ് സ്കൂളാണെന്നും , പ്ലോട്ട് CRZ പരിധി , നഗരാസൂത്രണ പദ്ധതികൾ ഇവയിൽ ഉൾപ്പെടുന്നില്ലായെന്നും ,

പ്ലോട്ടിന്റെ തെക്ക് വശം അമ്പലം , വടക്ക് വശം വാസഗൃഹങ്ങളും പടിഞ്ഞാറ് ഭാഗത്ത് 3 മീറ്റർ വീതിയുള്ള മണ്ണ് റോഡാണെന്നും , വില്ലേജ് മുക്ക് റോഡിനോട് ചേർന്നുള്ള പ്ലോട്ടിന്റെ മുൻ ഭാഗം (പ്രസ്തുത ഭാഗത്ത് നിർമ്മാണമില്ല) സംബന്ധിച്ച തർക്കം ഉള്ളതിനാൽ കോടതിയിൽ കേസ് നടന്നു വരുന്നതായും, നിലവിലുള്ള വാണിജ്യ കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം ആക്കി ഉപയോഗ മാറ്റം വരുത്തുന്നതിന് , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 76(1) പ്രകാരമുള്ള Ground water recharging arrangement, 76(2) പ്രകാരമുള്ള Rain Water harvesting എന്നിവ നിർമ്മാണ സ്ഥലത്ത് സജീകരിക്കേണ്ടതാണ് എന്ന നിബന്ധനകളോട് കൂടി ചട്ടം 26, 27, 34 എന്നിവയ്ക്ക് ഇളവ് നൽകാവുന്നതാണെന്ന പരാമർശം (3)പ്രകാരമുള്ള കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ അഭിപ്രായത്തെ അനുകൂലിച്ച് പരാമർശം(4) പ്രകാരം ചീഫ് ടൗൺപ്ലാനർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺപ്ലാനറുടെ പരാമർശം( 4 ) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ മുണ്ടേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ കാഞ്ഞിരോട് വില്ലേജിൽ റീ സർവ്വേ നമ്പർ 30/102, 30/3A ൽ ഉൾപ്പെടുന്ന 666.60 ചതുരശ്ര വിസ്തീർണമുള്ള പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന 508.47 sqm Built up area (100.74 sqm (Existing school) + 407.73 sqm (proposed for occupancy change) ഉള്ള വാണിജ്യ കെട്ടിടം, ടി പ്ലോട്ടിൽ നിലവിൽ മറ്റൊരു സർക്കാർ എയഡഡ് സ്കൂൾ കെട്ടിടം പ്രവർത്തിച്ചുവരുന്നതിനാലും, പ്രസ്തുത വാണിജ്യ കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം ആക്കി ഉപയോഗ മാറ്റം വരുത്തുന്നതിന് , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 76(1) - പ്രകാരമുള്ള Ground water recharging arrangement, 76(2) - പ്രകാരമുള്ള Rain Water harvesting എന്നിവ നിർമ്മാണ സ്ഥലത്ത് സജ്ജീകരിക്കേണ്ടതാണ് എന്ന നിബന്ധനകളോട് കൂടി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 3(4b) പ്രകാരം, ചട്ടം 26, 27, 34 എന്നിവയ്ക്ക് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Lizymol E
Deputy Secretary

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ.

സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത്,കണ്ണൂർ .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ) കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ